# കേരള കാർഷിക സർവകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം 676 509, മലപ്പുറം (ജില്ല)

ഇ മെയിൽ-:- arsanakkayam@kau.in, ഫോൺ : 0483- 2848050


നം. എ2– 1530/25 തീയ്യതി : 05.11.2025

## ക്വട്ടേഷൻ നോട്ടീസ്

ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിലേക്ക് അയർ പോഷക/വള മിശ്രിതം, സമ്പൂർണ്ണ മൾട്ടി മിശ്രിതം, ബയോകൺട്രോൾ ഉത്പന്നങ്ങൾ എന്നിവ പാക്ക് ചെയ്യുന്നതിനാവശ്യമായ അച്ചടിച്ച വിവിധ വലിപ്പത്തിലുള്ള പോളിത്തീൻ കവറുകൾ (65 മൈക്രോണിന് മുകളിൽ കനമുള്ളത്) വിതരണം ചെയ്യാൻ താൽപ്പര്യമുള്ളവരിൽ നിന്ന് മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

നിബന്ധനകൾ :

1. ഒരു കിലോയ്ക്ക് കടത്തുകൂലിയും നികുതികളും അടക്കമുള്ള വിലയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. സീൽ ചെയ്ത കവറിനു മുകളിൽ ' അയർ വള മിശ്രിതം, സമ്പൂർണ്ണ മൾട്ടി മിശ്രിതം, ബയോകൺട്രോൾ ഉത്പന്നങ്ങൾ എന്നിവ പാക്ക് ചെയ്യുന്നതിനാവശ്യമായ അച്ചടിച്ച പോളിത്തീൻ കവറുകൾ വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ ' എന്നെഴുതിയിരിക്കണം.
3. ക്വട്ടേഷൻ അയക്കേണ്ട വിലാസം "പ്രൊഫസർ & ഹെഡ് കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം, മലപ്പുറം – 676 509".
4. ക്വട്ടേഷനുകൾ 15.11.2025 ന് രാവിലെ 11 മണിക്കകം ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നുതന്നെ 11.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതും ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ തുക കാണിച്ചിരിക്കുന്ന ആളുടെ പേരിൽ സ്വീകാര്യമാണെന്ന് കണ്ടാൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതുമായിരിക്കും.
5. ക്വട്ടേഷൻ ഉറപ്പിക്കുവാനോ ഉറപ്പിക്കാതിരിക്കുവാനോ മാറ്റിവെക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും ടി കേന്ദ്രത്തിലെ മേധാവിയിൽ നിക്ഷിപ്തമാണ്.
6. സർക്കാർ ക്വട്ടേഷൻ വ്യവസ്ഥകളെല്ലാം ഈ ക്വട്ടേഷനും ബാധകമായിരിക്കും.
7. ക്വട്ടേഷൻ ഉറപ്പിച്ച തീയ്യതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും ക്വട്ടേഷന്റെ കാലാവധി.
8. വിജയിയായ ക്വട്ടേഷണർ ഈ കേന്ദ്രത്തിൽ നിന്നുള്ള വിതരണ ഉത്തരവ് പ്രകാരം കവറുകൾ തയ്യാറാക്കി എത്തിക്കേണ്ടതാണ്.
9. കൂടുതൽ വിവരങ്ങൾക്ക് സർക്കാർ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്. ഫോൺ നം. 0483–2848050.

(ഒപ്പ്)

പ്രൊഫസർ & ഹെഡ്

പകർപ്പ്

നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
ആനക്കയം പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡ്
ആനക്കയം വില്ലേജ് ഓഫീസ് നോട്ടീസ് ബോർഡ്
ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്
സർക്കുലേഷൻ
കെ. എ. യു വെബ് സൈറ്റ്
ആനക്കയം കൃഷിഭവൻ, നോട്ടീസ് ബോർഡ്